(ഇ) സെക്യൂരിറ്റി നമ്പർ പ്ലേറ്റുകൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക പരിജ്ഞാനം സർക്കാരിനില്ലായെന്നതുകൊണ്ട് സാങ്കേതിക പരിജ്ഞാനമുള്ള സ്വകാര്യമേഖലയെ ആശ്രയിക്കേണ്ടിവരുന്നു. കൂടാതെ ഇവ നടപ്പിലാക്കുന്നതിന് ഗണ്യമായ മുതൽ മുടക്ക് ആവശ്യമാണ്. സർക്കാരിന്റെ ഭാഗത്തു നിന്നും മുതൽ മുടക്കാതെ സ്വകാര്യ മേഖല വഴിയുള്ള നിക്ഷേപം ഉപയോഗിച്ച് പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

സ്വകാര്യ മേഖലയിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ

7 (* 714) ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. സാജുപോൾ :
ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യമേഖലയിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ തുടങ്ങുവാൻ സഹായിക്കുന്ന ഒരു പുതിയ പദ്ധതിക്ക് രൂപം നല്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) പ്രഖ്യാപനത്തെ തുടർന്ന് സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത സഹായ പദ്ധതി എന്താണെന്ന് വിശദമാക്കാമോ ;

(ഡി) സ്വകാര്യ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾക്കായി സർക്കാരിൽ നിക്ഷിപ്തമായ ഏതെല്ലാം സ്ഥലങ്ങളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഇത്തരത്തിലുള്ള എത്ര ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ ഇതിനകം സ്ഥാപിക്കുകയുണ്ടായി. അവിടങ്ങളിൽ മൊത്തം എത്ര വ്യവസായ യൂണിറ്റുകൾ നിലവിൽ വന്നിട്ടുണ്ട് ;

(എഫ്) കിൻഫ്രയുടേതുൾപ്പെടെ സർക്കാർ നിയന്ത്രണത്തിലുള്ള വ്യവസായ എസ്റ്റേറ്റുകളിലെ സൗകര്യങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്തി കഴിഞ്ഞിട്ടുണ്ടോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) ഉണ്ട്.

(ബി) സ്വകാര്യമേഖലയിൽ ആരംഭിക്കുന്ന വ്യവസായ എസ്റ്റേറ്റുകളെ വ്യവസായ മേഖലയായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. ഏകജാലക സംവിധാന നിയമപ്രകാരം വ്യവസായ മേഖലയായി പ്രഖ്യാപിക്കുന്ന എസ്റ്റേറ്റുകളിൽ വരുന്ന വ്യവസായങ്ങൾക്ക് ലൈസൻസ് ക്ലിയറൻസ് ലഭിക്കുന്നതിന് മുൻഗണന ലഭിക്കും. പത്താം പദ്ധതിയിൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്ന സ്വകാര്യ സംരംഭകർക്ക് ധനസഹായം നല്കുന്നതിനുള്ള പദ്ധതി തയ്യാറായി വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രധാനമായും അടിസ്ഥാന സൗകര്യങ്ങൾക്കായി മുടക്കിയ സ്ഥിരം മൂലധന നിക്ഷേപത്തിന്മേൽ ഒരു നിശ്ചിത ശതമാനം സബ്സിഡി കൊടുക്കുവാനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

(ഡി) സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ സർക്കാർ ഭൂമിയിൽ അല്ല ആരംഭിക്കുന്നത്. സ്വകാര്യ ഭൂമിയിൽ തന്നെ ആയിരിക്കും.

(ഇ) ചങ്ങനാശ്ശേരിയിൽ ഇത്തരത്തിലുള്ള ഒരു വ്യവസായ എസ്റ്റേറ്റിന് അനുമതി നൽകിയിട്ടുണ്ട്. ഇവിടെ വ്യവസായ യൂണിറ്റുകൾ പ്രവർത്തിച്ചു തുടങ്ങിയിട്ടില്ല.

(എഫ്) സിഡ്കോയുടെ കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളിലേയും കിൻഫ്രായുടെ കീഴിലുള്ള വ്യവസായ പാർക്കുകളിലേയും സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നുണ്ട്. കൂടാതെ ഇത്തരം വ്യവസായ എസ്റ്റേറ്റുകൾ ഭാവിയിൽ തുടങ്ങാനുദ്ദേശിക്കുന്ന വ്യവസായ സംരംഭകർക്ക് നൽകുവാൻ കൂടിയാണ് കാലാകാലങ്ങളിൽ സ്ഥാപിക്കപ്പെടുന്നത്.

സ്വകാര്യ കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ

8 (* 715) ശ്രീ. വി. ചെന്താമരാക്ഷൻ :
ഡോ. തോമസ് ഐസക് :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വകാര്യ കശുവണ്ടി ഫാക്ടറികളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് നിയമപരമായി എന്തെല്ലാം ആനുകൂല്യങ്ങളാണ് ഉറപ്പാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ?

(ബി) ഈ ആനുകൂല്യങ്ങൾ ലംഘിക്കപ്പെടാതെ നടപ്പിലാക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ആനുകൂല്യങ്ങൾ നൽകാൻ തയ്യാറാകാത്ത ഫാക്ടറി ഉടമകൾ ഉണ്ടെങ്കിൽ അവർക്കെതിരെ നടപടി സ്വീകരിക്കുമോ ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബുദിവാകരൻ) :

(എ) സംസ്ഥാനത്തെ സ്വകാര്യ കശുവണ്ടി ഫാക്ടറികളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് 1948-ലെ മിനിമം വേതന നിയമം, 1948-ലെ ഫാക്ടറീസ് നിയമം, 1958-ലെ കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് (നാഷണൽ ആന്റ് ഫെസ്റ്റിവൽ ഹോളീഡേയ്സ്) നിയമം, 1961-ലെ മെറ്റേർണിറ്റി ബനിഫിറ്റ് നിയമം, 1972-ലെ പേയ്മെന്റ് ഓഫ് ഗ്രാറ്റുവിറ്റി നിയമം, 1965-ലെ പേയ്മെന്റ് ഓഫ് ബോണസ് നിയമം തുടങ്ങിയ വിവിധ നിയമങ്ങൾ പ്രകാരം ലഭിക്കേണ്ടുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്. കൂടാതെ പ്രോവിഡന്റ് ഫണ്ട് സ്കീം, ക്ഷേമനിധി നിയമം എന്നിവ പ്രകാരമുള്ള ക്ഷേമാനുകൂല്യങ്ങളും ലഭിക്കുന്നതിന് അർഹതയുണ്ട്.

(ബി) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

† അനുബന്ധം I, II

LIBRARY ARCHIVES Kerala Legislative Assembly